| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിമൂന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.16 | 09/03/2015 ൽ മറുപടിക്ക് |
| ഭരണരംഗത്തെ അഴിമതിയും കെടുകാര്യസ്ഥതയും | |
| ചോദ്യം | മറുപടി |
| ശ്രീ.എം.എ.ബേബി<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.ടി.വി.രാജേഷ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സിവിൽ സർവ്വീസിൽ അഴിമതി ആശങ്കാജനകമാം വിധം വർദ്ധിച്ച വരുന്നതായ ആക്ഷേപത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) | സിവിൽ സർവ്വീസിൽ ആശങ്കാജനകമാംവിധം അഴിമതി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഭരണതലത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും കെട്ടുകാര്യസ്ഥതയും, സംസ്ഥാനത്തിന്റെ വികസനത്തെ പിറകോട്ട് വലിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ ; | (ബി) | അത്തരമൊരു സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ ചില അഴിമതിക്കാരെ സംരക്ഷിക്കുന്നുവെന്ന് മുൻ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടേയും എണ്ണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | (ഡി) | വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ എണ്ണം.<br>(1) മന്ത്രിമാർ - ഇല്ല<br>(2) ഉന്നത ഉദ്യോഗസ്ഥർ - 8 പേർ<br>(3) ജീവനക്കാർ - 316 പേർ |
| (ഇ) | മേൽ സാഹചര്യത്തിൽ ഭരണതലത്തിലാകെ ഒരു മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ രംഗത്ത് പ്രശ്നങ്ങൾ എത്രത്തോളം സങ്കീർണ്ണമാണെന്ന് അറിയാമോ ; ഈ രംഗത്ത് അനുകരണീയമായ മാതൃക സൃഷ്ടിക്കാൻ തയ്യാറാകുമോ ? | (ഇ) | പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം, സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് ഉടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇത് അനുകരണീയമായ മാതൃകയാണ്. |

സെക്ഷൻ ആഫീസർ